# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **29.01.2019 ൽ മറുപടിക്ക്**

**ചോദ്യം നം. 530**

## വീട് നിർമ്മാണത്തിനായി മണ്ണെടുക്കുന്നതിന് പിഴചുമത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വീട് നിർമ്മാണത്തിനായി മണ്ണെടുക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ടോ; വീട് നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണെടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ; | (എ) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണ് മാറ്റി ഭൂമി നിരപ്പാക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുവാദം ആവശ്യമില്ല. എന്നാൽ നീക്കം ചെയ്യുന്ന മണ്ണ് ഗതാഗതം ചെയ്യുന്നതിന് റോയൽറ്റി ഒടുക്കി വകുപ്പിൽ നിന്നും മിനറൽ ട്രാൻസിറ്റ് പാസ്സുകൾ കരസ്ഥമാക്കേണ്ടതുണ്ട്. ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണെടുക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) കെട്ടിടനിർമ്മാണ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണെടുത്തവർക്ക് ഭീമമായ തുക പിഴ ചുമത്തുന്നതായും മണ്ണെടുക്കുന്നതും കൊണ്ടുപോകുന്നതുമായ വാഹനങ്ങൾ പോലീസിനെ ഉപയോഗിച്ച് പിടിച്ചെടുക്കുന്നതായുമുള്ള വ്യാപക പരാതികൾ പരിഹരിക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കുമോ; | (ബി) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഖനനം ചെയ്തു കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ഗതാഗതം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും മിനറൽ ട്രാൻസിറ്റ് പാസുകൾ സമ്പാദിക്കേണ്ടതുണ്ട്. പാസ്സുകൾ സമ്പാദിക്കാതെ മണ്ണ് ഗതാഗതം ചെയ്യുന്നത് 2015 ലെ കേരള മിനറൽസ് പ്രിവൻഷൻ ഓഫ് (ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമായതിനാലാണ് ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നത്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ മുൻകൂർ അനുമതി കരസ്ഥമാക്കാതെ മണ്ണ് ഖനനം ചെയ്തു കൂട്ടിയിട്ടിരിക്കുന്ന വ്യക്തികളിൽ നിന്നും ചട്ടപ്രകാരം റോയൽറ്റിയും വിലയും ചേർത്ത് പിഴ ഈടാക്കി വരുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് സമ്പാദിച്ച് അതിന്റെ മറവിൽ കെട്ടിടം നിർമ്മിക്കാതെ അനധികൃതമായി കുന്നിടിച്ച് നിരപ്പാക്കുന്നവരെ നിയന്ത്രിക്കേണ്ടതുണ്ടെന്ന ഹൈക്കോടതി |

നിരീക്ഷണത്തിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയത്.

(സി) ലൈഫ് മിഷൻ പദ്ധതിയിൽ വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കൾ പോലും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഭീഷണി നേരിടുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്താൻ ശ്രമിക്കുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരെ ഉപയോഗപ്പെടുത്തി അവർക്ക് ലഭ്യമായ അനുമതിയുടെ മറവിൽ അനധികൃതമായി കുന്നിടിച്ച് പ്രകൃതിക്ക് നാശം വരുത്തുന്നവരുടെ എണ്ണം കൂടികൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം 300 സ്ക്വയർ മീറ്റർ വരെ തറ വിസ്തീർണ്ണം വരുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് മണ്ണ് പുറത്തു കൊണ്ടുപോകേണ്ടതില്ലെങ്കിൽ മൈനിംഗ് & ജിയോളജി വകുപ്പിനെ സമീപിക്കേണ്ട ആവശ്യമില്ല. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരെ നിലവിലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അനധികൃത മണ്ണ് ഖനനവും, കടത്തും കണ്ടെത്തിയാൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കോട്ടയം ജില്ലയിൽ കോതനല്ലൂർ വില്ലേജ് കാഞ്ഞിരം കാലായിൽ ശ്രീമതി ഏലിയാമ്മക്ക്, മണ്ണെടുത്തതിന് ഭീമമായ തുക പിഴ ചുമത്തിയത് സംബന്ധിച്ച് സർക്കാരിന് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ഇത് സംബന്ധിച്ച് വസ്തുതാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ശ്രീമതി ഏലിയാമ്മയെ നേരിൽ കേൾക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇവരുടെ പിഴ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഡി) പരാതി സംബന്ധിച്ച് വസ്തുതാ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പരാതിയുടെ പകർപ്പ് മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാനാകൂ.

**സെക്ഷൻ ഓഫീസർ**